സോഷ്യൽ സയൻസ് ഇംഗ്ലീഷ് മീഡിയം പേപ്പറിൽ ഉപയോഗിച്ചിരുന്നത്. ഈ ഫോണ്ടുതന്നെയാണ് തുടർന്നുനടന്ന ദിവസങ്ങളിലെ എല്ലാ ഇംഗ്ലീഷ് മീഡിയം ചോദ്യ പേപ്പറുകളിലും ഉപയോഗിച്ചിരുന്നത്. ഈ ഫോണ്ട് തെരഞ്ഞെടുത്തതിനോ, ഉപയോഗിച്ചതിനോ പ്രത്യേക കാരണമോ ലക്ഷ്യമോ ഇല്ലായിരുന്നുവെന്ന് പ്രിന്റർ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ ചോദ്യപേപ്പറിന്റെയും അവസാനം ചോദ്യങ്ങൾ അവസാനിച്ചു എന്നതിന് സൂചനയായി പ്രിന്റർ 19 എണ്ണത്തിൽനിന്നും ഒരു സിംബൽ ആണ് ചോദ്യപേപ്പറുകൾക്ക് നൽകി വരുന്നത്. മേൽപ്പറഞ്ഞ 19 ചിഹ്നങ്ങളും പ്രിന്റർ തന്നെ തയ്യാറാക്കിയിട്ടുള്ളതാണ്. ഇങ്ങനെ ഒരു ചിഹ്നം ചോദ്യപേപ്പറിന്റെ അവസാനം നൽകണമെന്ന് യാതൊരു നിർദ്ദേശവും പരീക്ഷാഭവനിൽനിന്നും നൽകിയിട്ടില്ല.

(സി&ഡി) കണക്ക് പരീക്ഷകൾ പ്രയാസമേറിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 93977 പുനർമൂല്യനിർണ്ണയത്തിന്റെ അപേക്ഷ ലഭിക്കുകയും മുഴുവൻ പുനർ മൂല്യനിർണ്ണയവും നടത്തി റിസൾട്ട് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾക്ക് പരിഹാരം ഉടൻ തന്നെ സ്വീകരിച്ചിട്ടുണ്ട്. ഫലപ്രഖ്യാപനത്തിൽ ഉണ്ടായതായ വീഴ്ചകളെപ്പറ്റി പഠിക്കുവാൻ രൂപീകരിച്ച കമ്മിറ്റി അതെപ്പറ്റി പഠിച്ചുവരികയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനം

97 (1126) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമേഴ്സ് ജൂനിയർ, സീനിയർ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ 2015 മാർച്ച് 31-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ എത്ര കോമേഴ്സ് ബാച്ചുകൾ പുതുതായി അനുവദിച്ചുവെന്നും അവിടെ എത്ര കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly